# ജനാധിപത്യം

10



ഇന്ത്യൻ പാർലമെന്റ് മന്ദിരം

*''ജനാധിപത്യം സഹിഷ്ണുതയാണ്. നമ്മോട് യോജിക്കുന്നവരോട് മാത്ര മല്ല, വിയോജിക്കുന്നവരോടുമുള്ള സഹിഷ്ണുത''*-ജവഹർലാൽ നെഹ്റു. അക്രമത്തിന്റെയും അസഹിഷ്ണുതയുടെയും മാർഗ്ഗം സ്വീകരിക്കുന്നത് ജനാധിപത്യത്തിൽ വിശ്വാസമില്ലാത്തവരാണ്. പക്ഷേ പല സന്ദർഭങ്ങളിലും നാം അസഹിഷ്ണുത കാണിക്കുന്നു. ജനാധിപത്യത്തെക്കുറിച്ച് കൂടുതൽ അറിയേണ്ടതും, ജനാധിപത്യമാർഗ്ഗങ്ങൾ പരിശീലിച്ച് അത് ഒരു ജീവിത രീതിയായി മാറ്റേണ്ടതും ആവശ്യമാണ്.

## ജനാധിപത്യത്തിന്റെ ആവിർഭാവം

ഇന്ന് നമ്മുടെ രാജ്യത്തുൾപ്പെടെ മിക്ക ലോകരാഷ്ട്രങ്ങളിലും നിലനിൽക്കുന്ന ജനാധിപത്യം പാശ്ചാത്യമാതൃകയിലുള്ളതാണ്. പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യത്തിന്റെ ചരിത്രം തുടങ്ങുന്നത് പുരാതന ഗ്രീസിൽ നിന്നാണ്. ജനാധിപത്യം അതിന്റെ വിശാലമായ അർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടു ന്നതിനും വികസിക്കുന്നതിനും മുമ്പുതന്നെ ഒരു ഭരണരീതി എന്ന നിലയിൽ

പുരാതന ഗ്രീസിൽ നിലനിന്നിരുന്നു. ഗ്രീസിൽ നില നിന്നിരുന്ന നഗരരാഷ്ട്ര (city states) ജനാധി പത്യസംവിധാനം പാശ്ചാത്യ തത്വചിന്തകരേയും രാഷ്ട്രമീമാംസകരേയും പണ്ഡിതന്മാരെയും സംബ ന്ധിച്ചിടത്തോളം മഹനീയ മാതൃകയായിരുന്നു (422 ബി.സി. മുതൽ 322 ബി.സി. കാലഘട്ടം). ജനങ്ങൾ എന്നർത്ഥം വരുന്ന 'ഡമോസ്' (Demos) 'അധികാരം' എന്നർത്ഥം വരുന്ന 'ക്രാത്തോസ്' (kratos) എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് ഡമോ ക്രസി എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉല്പത്തി. അതു കൊണ്ട് ജനാധിപത്യമെന്നാൽ (Democracy) ജന ങ്ങളുടെ അധികാരമെന്നാണർത്ഥം.

പുരാതനഗ്രീസിൽ നിന്ന് ഇന്നത്തെ ആധുനിക ലോകത്തേയ്ക്ക് എത്തിയപ്പോഴേയ്ക്കും ജനാധി പത്യത്തിനും കാലാനുസൃതമായ മാറ്റം ഉണ്ടായി. അവിടെ നിലനിന്നിരുന്ന ജനാധിപത്യസമ്പ്രദായ ത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു പുതിയ രൂപം ജനാധിപത്യത്തിനുണ്ടായി.

## ജനാധിപത്യത്തിന്റെ വകഭേദങ്ങൾ (Forms of Democracy)

പുരാതനഗ്രീസിൽ നിലനിന്നിരുന്ന നഗരരാഷ്ട്ര ജനാധിപത്യമാതൃക വ്യക്തമാക്കുന്ന ഒരു കാര്യമുണ്ട്. അവിടെ ജനാധിപത്യം ഒരിക്കലും മുഴുവൻ ജനങ്ങ ളുടേയും ഭരണസംവിധാനമായിരുന്നില്ല. അങ്ങനെ ആകണമെന്ന് ഉദ്ദേശിക്കപ്പെട്ടിരുന്നുമില്ല. പൗരന്മാരാ കാൻ വിശേഷാൽ യോഗ്യതനേടിയവരുടെ പൊതു വേദിയായിരുന്നു നഗരരാഷ്ട്രഭരണ കൂടം. ജനാധി പത്യം പൗരന്മാരുടെ ആധിപത്യമായിട്ടാണ് സങ്കൽപ്പിച്ചിരിക്കുന്നത്. സ്ത്രീകളേയും അടിമക ളേയും വിദേശികളേയും അവർ പൗരന്മാരായി പരി ഗണിച്ചിരുന്നില്ല.


## പ്രത്യക്ഷജനാധിപത്യം (Direct Democracy)

പുരാതനഗ്രീസിൽ നിലനിന്നിരുന്ന ഭരണരീതിയെ പ്രത്യക്ഷജനാധിപത്യമെന്നാണ് പൊതുവിൽ വിശേ ഷിപ്പിക്കുന്നത്. പ്രത്യക്ഷ ജനാധിപത്യത്തിൽ എല്ലാ പൗരന്മാരും ഒരു സ്ഥലത്ത് സമ്മേളിച്ച് തങ്ങൾക്കാ വശ്യമുള്ള നിയമങ്ങൾ അംഗീകരിക്കുകയും അവ നടപ്പിലാക്കുകയും ചെയ്തിരുന്നു. നീതിയും ന്യായവും അവർ തന്നെ നടപ്പാക്കിയിരുന്നു. ഇന്ന ത്തെപ്പോലെ ഒരു ഉദ്യോഗസ്ഥവൃന്ദമോ നീതിപീഠ സംവിധാനമോ അന്ന് ഉണ്ടായിരുന്നില്ല. സാധാരണ പൗരന്മാർ തന്നെയാണ് ഹ്രസ്വകാലയളവിലേക്ക് ഈ ജോലികൾ നിർവ്വഹിച്ചിരുന്നത്. നറുക്കിട്ട് ചെറിയ കാലയളവിലേക്കാണ് ഭരണകർത്താക്കളെ കണ്ടെ ത്തിയിരുന്നത്. ചുരുക്കത്തിൽ പൗരന്മാർ നേരിട്ട് ഭരണത്തിൽ പങ്കാളികളാകുന്ന ഒരു ഭരണസമ്പ്രദാ യമാണ് പ്രത്യക്ഷ ജനാധിപത്യം. ജനാധിപത്യ ത്തിന്റെ ഏറ്റവും പൂർണവും ശുദ്ധവുമായ മാതൃ കയായി ഇന്നും പ്രത്യക്ഷജനാധിപത്യത്തെക്കാണു ന്നു.

## പരോക്ഷജനാധിപത്യം (Indirect Democracy)

പ്രത്യക്ഷജനാധിപത്യം ഇന്ന് ലോകത്തിന്റെ ഒരു ഭാഗത്തും നിലനിൽക്കുന്നില്ല. ഇന്ന് നില നിൽക്കുന്നത് പരോക്ഷജനാധിപത്യമാണ്. എന്താ യിരിക്കും ഈ മാറ്റത്തിന് കാരണം.

ദേശരാഷ്ട്രങ്ങളുടെ ആവിർഭാവവും, സ്ത്രീകൾ ഉൾപ്പെടെ എല്ലാവർക്കും ഭരണത്തിൽ തുല്യപങ്കാ ളിത്തവും, പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കി യതും അടിമ സമ്പ്രദായം നിർത്തലാക്കിയതും പരോക്ഷ ജനാധിപത്യത്തിന്റെ ആവിർഭാവത്തിന് കാരണമായി. ജനസംഖ്യയിലുണ്ടായ വർദ്ധനവും മറ്റൊരു കാരണമാണ്. ജനങ്ങൾ അവരുടെ പ്രതിനി ധികളെ തിരഞ്ഞെടുക്കുകയും അവർ ജനങ്ങൾക്കു വേണ്ടി ഭരിക്കുകയും ചെയ്യുന്നതിനാലാണ് ഇതിനെ പരോക്ഷ ജനാധിപത്യമെന്ന് പറയുന്നത്. പ്രതിനി ധികളിലൂടെ പ്രവർത്തിക്കുന്നതിനാൽ ഇത് പ്രാതി നിധ്യ ജനാധിപത്യമെന്നും അറിയപ്പെടുന്നു. ഇന്ത്യ യടക്കമുള്ള രാജ്യങ്ങളിൽ നിലനിൽക്കുന്നത് പരോക്ഷ ജനാധിപത്യമാണ്. ഇന്ത്യയിൽ കേന്ദ്ര-സംസ്ഥാന പ്രാദേശികതലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുണ്ട്.



താഴെ കൊടുത്തിരിക്കുന്നവ പരോക്ഷജനാധിപത്യത്തിലേക്കുള്ള മാറ്റത്തിന് കാരണ മായ വസ്തുതകൾ ആണ്. ഇവ ഓരോന്നും ഈ മാറ്റത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് പരിശോധിക്കു.

1. ചെറിയ നഗര രാഷ്ട്രങ്ങൾ വലിയ ദേശരാഷ്ട്ര ങ്ങൾക്കു വഴിമാറി.
2. ആധുനിക രാഷ്ട്രങ്ങൾ സ്ത്രീകൾക്ക് വോട്ട വകാശവും പൗരത്വവും നൽകുന്നു.
3. സമത്വം, എല്ലാവർക്കും പങ്കാളിത്തം എന്നീ ആശയങ്ങളുടെ വളർച്ച.
4. പ്രായപൂർത്തി വോട്ടവകാശത്തിന് വ്യാപകമായ അംഗീകാരം ലഭിച്ചു.
5. നഗരരാഷ്ട്രങ്ങളെ അപേക്ഷിച്ച് ദേശരാഷ്ട്രങ്ങ ളിൽ ജനസംഖ്യ വർദ്ധിച്ചു.



തിരഞ്ഞെടുത്ത ജനപ്രതിനിധികളുണ്ടെന്നതുമാത്രമല്ല, മറ്റ് ധാരാളം സവിശേഷതകളും പരോക്ഷ ജനാധിപത്യത്തിന് ഉണ്ട്. താഴെ തന്നിട്ടുള്ള പട്ടികയിൽ നിന്നും അതിന്റെ സവിശേഷതകൾ കണ്ടെത്തുക.

| | |
|---|---|
| • കൃത്യമായ കാലയളവിലുള്ള തിരഞ്ഞെടുപ്പ് ☐ | • നിയമവാഴ്ച ☐ |
| • വ്യക്തിവാഴ്ച ☐ | • ക്രമം തെറ്റിയ തിരഞ്ഞെടുപ്പ് ☐ |
| • പ്രായപൂർത്തി വോട്ടവകാശം ☐ | • ഭരണഘടനയെ അംഗീകരിക്കുന്നു ☐ |
| • സ്വതന്ത്രമായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ ☐ | • സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം ☐ |
| • ഭരണഘടനയെ അംഗീകരിക്കുന്നില്ല ☐ | • പക്ഷപാതപരമായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ ☐ |
| • ജനങ്ങൾക്ക് അവകാശങ്ങൾ ഉണ്ടായിരിക്കില്ല ☐ | • ഗവണ്മെന്റിന് അനിയന്ത്രിതമായ അധികാരങ്ങൾ ഇല്ല ☐ |
| • ജനങ്ങൾക്ക് അടിസ്ഥാന അവകാശങ്ങൾ ഉണ്ടായിരിക്കും ☐ | • ഗവണ്മെന്റിന് അനിയന്ത്രിതമായ അധികാരങ്ങൾ ഉണ്ടായിരിക്കും ☐ |
| • സ്വതന്ത്രമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികൾ ☐ | |

പ്രത്യക്ഷ ജനാധിപത്യം ഇന്നത്തെ മാറിയ ദേശ രാഷ്ട്ര സംവിധാനത്തിൽ സാധ്യമല്ല. അതേസമയം പ്രാതിനിധ്യ ജനാധിപത്യം നമ്മുടെ പ്രശ്നങ്ങ ളെല്ലാം പരിഹരിക്കുന്നതിന് പര്യാപ്തമാകുന്നുമില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള ജനാധിപത്യ സമ്പ്രദായത്തിന്റെ മേന്മകളും പോരായ്മകളും പരി ഹാരമാർഗ്ഗങ്ങളും എന്തെല്ലാമാണെന്നു നോക്കാം.

## ജനാധിപത്യത്തിന്റെ മേന്മകൾ (Merits of Democracy)

- പൊതു തിരഞ്ഞെടുപ്പും അതിലൂടെ ജനങ്ങൾതിര ഞ്ഞെടുക്കുന്ന ഭരണകൂടവും കൂടുതൽ കാര്യക്ഷ മതയുള്ള ഭരണകൂടം ഉണ്ടാക്കാൻ സഹായിക്കു ന്നു. കൂടാതെ പങ്കാളിത്ത ഭരണം, ജനങ്ങളിൽ ഉത്തരവാദിത്വബോധം വർദ്ധിപ്പിക്കുന്നു. ജനങ്ങൾ അച്ചടക്കമുള്ളവരുംദേശസ്നേഹമുള്ളവരും രാജ്യ ത്തോട് കൂറുള്ളവരുമായിത്തീരുന്നു.
- വ്യക്തിയുടെ മഹത്വവും സ്വാതന്ത്ര്യവും അംഗീക രിക്കുന്നു. വ്യക്തിസ്വാതന്ത്ര്യം ഉറപ്പാക്കുന്നതിന് ജനാധിപത്യം അവസരമൊരുക്കുന്നു.
- സമത്വം എന്ന ആശയത്തിന് പ്രാധാന്യം ഉണ്ടാകുന്നു. ജനാധിപത്യത്തിൽ എല്ലാവരും തുല്യരായി പരിഗണിക്കപ്പെടുന്നു.
- ജനങ്ങളുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും അതിലൂടെ അവരുടെ ഉന്നമനത്തെ സഹായി


ക്കുകയും ചെയ്യുന്നു. പൊതുവിഷയങ്ങളിൽ താല്പര്യവും രാജ്യസ്നേഹവും വളർത്തുന്നു.

- ജനങ്ങളുടെ അഭിലാഷങ്ങളേയും ആവശ്യങ്ങളേയും നിറവേറ്റുന്നു. ജനങ്ങളോടുള്ള ഭരണകർത്താക്കളുടെ ഉത്തരവാദിത്വം പൂർണ്ണമായും പ്രയോഗത്തിൽ വരുത്തുന്ന ഭരണസമ്പ്രദായമാണ് ജനാധിപത്യം.
- നിയമവാഴ്ച്ച നിലനിൽക്കുന്നു. ഭരണാധികാരികളുൾപ്പെടെ ആരും നിയമത്തിന് അതീതരല്ല.
- ഭരണം കൂടുതൽ സുതാര്യമാണ്. ഭരണരംഗത്ത് നടക്കുന്ന കാര്യങ്ങൾ ജനങ്ങൾ അറിയുന്നു. രഹസ്യ സ്വഭാവം ഇല്ല.
- ഭരണകൂടം തങ്ങളുടെതാണെന്നും ഭരണകർത്താക്കൾ തങ്ങളുടെ സേവകരാണെന്നുമുള്ള ബോധം പൗരന്മാരിൽ ഉളവാക്കുന്നു.
- ജനാധിപത്യം പുരോഗതിയും സാമൂഹിക സുസ്ഥിരതയും നിലനിർത്തുന്നു. ചർച്ചകൾക്കും അഭിപ്രായ സമന്വയത്തിനും അവസരം നല്കുന്നു.
- ജനങ്ങൾക്ക് രാഷ്ട്രീയ വിദ്യാഭ്യാസം നൽകുന്നതിൽ ജനാധിപത്യത്തിന്റെ പങ്ക് വളരെ വലുതാണ്. അവരിൽ സംഘബോധവും അവകാശബോധവും സുരക്ഷിതത്വബോധവും വളർത്തുന്നു.

## ജനാധിപത്യത്തിന്റെ പോരായ്മകൾ (Demerits of Democracy)

ജനാധിപത്യത്തിന്റെ പോരായ്മകളായി പൊതുവെ പറയപ്പെടുന്നവ താഴെ കൊടുക്കുന്നു:

- ജനാധിപത്യത്തിൽ കൂടുതൽ പ്രാധാന്യം എണ്ണത്തിനാണ് അല്ലാതെ കഴിവിനല്ല. സമ്മതിദായകരുടെ എണ്ണം നോക്കിയാണ് പലപ്പോഴും തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഏതൊരു വ്യക്തിക്കും ഭരിക്കാൻ പ്രാപ്തിയുണ്ട് എന്ന തത്വത്തിലാണ് ജനാധിപത്യം അധിഷ്ഠിമായിട്ടുള്ളത്. എന്നാൽ നല്ല ഗവൺമെന്റ് ഉണ്ടാവണമെങ്കിൽ കഴിവുള്ള വ്യക്തികൾ ആവശ്യമാണ്.
- ജനാധിപത്യത്തിനെതിരായ മറ്റൊരു വിമർശനം ഇത് പ്രാഗൽഭ്യം കുറഞ്ഞവരുടെ ഭരണക്രമമാണെന്നതാണ്. പ്രഗൽഭരായ പല വ്യക്തികളും തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, മറ്റു രാഷ്ട്രീയ നടപടികളിൽ പങ്കെടുക്കാനും മിക്കപ്പോഴും താല്പര്യം കാണിക്കാറില്ല. അതുമൂലം പ്രഗൽഭരുടെ സേവനം രാഷ്ട്രത്തിന് നഷ്ടപ്പെടുന്നു.
- ജനാധിപത്യത്തിലെ തുടർച്ചയായ തിരഞ്ഞെടുപ്പുകളും അതിന്റെ ഫലമായ ഭരണമാറ്റവും രാഷ്ട്രീയ അനിശ്ചിതത്വം സൃഷ്ടിക്കുന്നു. ഇതുമൂലം കാര്യക്ഷമതയിൽ കുറവുണ്ടാവുന്നു.
- പലപ്പോഴും ഭൂരിപക്ഷത്തിന്റെ അഭിപ്രായം ന്യൂനപക്ഷത്തിന്റെ മേൽ അടിച്ചേൽപ്പിക്കുന്നു.
- ജനാധിപത്യത്തിൽ ഭരണസംവിധാനത്തോട് ജനങ്ങൾ പലപ്പോഴും വിമുഖത കാണിക്കുന്നു. അത് വോട്ടെടുപ്പിൽ നിന്ന് വിട്ടുനിൽക്കാൻ പോലും അവരെ പ്രേരിപ്പിക്കുന്നു.
- ദിശാബോധമില്ലാത്ത കക്ഷിരാഷ്ട്രീയം ജനാധിപത്യത്തിന്റെ മറ്റൊരു പോരായ്മയാണ്.
- ജനാധിപത്യം പൊതുവെ പണച്ചെലവുള്ള സംവിധാനമാണ്. തുടരെത്തുടരെയുള്ള തിരഞ്ഞെടുപ്പുകളും ഭരണമാറ്റങ്ങളും ജനാധിപത്യത്തെ ചിലവേറിയതാക്കുന്നു.
- ആൾക്കൂട്ടത്തിന്റെ മനഃശാസ്ത്രം (Mob Psychology) പ്രവചിക്കുവാൻ കഴിയില്ല. അവരുടെ ഇഷ്ടാനിഷ്ടങ്ങൾ മാറിക്കൊണ്ടിരിക്കും. ഇത് ജനാധിപത്യത്തിൽ അസ്ഥിരതയ്ക്ക് കാരണമാകുന്നു.



ജനാധിപത്യത്തിന്റെ ചിലപോരായ്മകൾ നൽകിയിട്ടുള്ളത് ശ്രദ്ധിച്ചല്ലോ. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ? ജനാധിപത്യത്തിന്റെ വിജയത്തിന് പോരായ്മകൾ പരിഹരിക്കേണ്ടതല്ലേ? ഇതിനുവേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്?

## ജനാധിപത്യത്തിന്റെ മുന്നൊരുക്കങ്ങൾ (Pre-conditions of Democracy)

ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. അവ ഏതെല്ലാമാണെന്ന് നോക്കാം.

### രാഷ്ട്രീയസ്വാതന്ത്ര്യം

രാഷ്ട്രീയമായി സംഘടിക്കുവാനും ഒരു വ്യക്തിയിൽ നിക്ഷിപ്തമായിരിക്കുന്ന രാഷ്ട്രീയാധികാരങ്ങൾ സ്വന്തം ഇഷ്ടപ്രകാരം പ്രയോഗിക്കാനുമുള്ള പൂർണ്ണമായ സ്വാതന്ത്ര്യമാണ് രാഷ്ട്രീയ സ്വാതന്ത്ര്യം. തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിനും അധികാരസ്ഥാനങ്ങളിലേക്ക് മത്സരിക്കുന്നതിനും അധികാരം കൈയാളുന്നതിനുമുള്ള രാഷ്ട്രീയാവകാശങ്ങൾ ജനാധിപത്യത്തിൽ പൗരർക്ക് ലഭിക്കുന്നു. ഇതോടൊപ്പം അഭിപ്രായം രൂപീകരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, ഗവൺമെന്റിനെ വിമർശിക്കുവാനുള്ള സ്വാതന്ത്ര്യം എന്നീ പൗരാവകാശങ്ങളും രാഷ്ട്രീയ സ്വാതന്ത്ര്യത്തെ ബലപ്പെടുത്തുന്നു.

### രാഷ്ട്രീയ അവബോധം

രാഷ്ട്രത്തെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള അറിവായി ഇതിനെ കണക്കാക്കാം. ആരോഗ്യകരമായ മത്സരം, സഹകരണം, സഹിഷ്ണുത, വ്യക്തമായ രാഷ്ട്രീയ വീക്ഷണം, അനുരഞ്ജനം തുടങ്ങിയവ രാഷ്ട്രീയാവബോധത്തിന്റെ ലക്ഷണങ്ങളാണ്. ഇത് ജനാധിപത്യത്തിന്റെ വിജയത്തിനാവശ്യമാണ്.

### വിദ്യാഭ്യാസം

ഒരു ജനതയുടെ രാഷ്ട്രീയാവബോധത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകം വിദ്യാഭ്യാസമാണ്. ജനാധിപത്യാശയങ്ങളെക്കുറിച്ചും മൂല്യങ്ങളെക്കുറിച്ചും ശരിയായ വിദ്യാഭ്യാസം ജനങ്ങൾക്ക് ലഭിക്കണം. വിദ്യാഭ്യാസം പൗരന്മാരുടെ ചിന്താശീലത്തേയും സൃഷ്ടിപരമായ വിമർശനശേഷിയേയും വർദ്ധിപ്പിക്കും. എങ്കിലേ ശരിയായ തീരുമാനം എടുക്കാനും അതിനുവേണ്ടി പ്രവർത്തിക്കാനും അവർക്ക് കഴിയൂ.

### സ്വതന്ത്രമാധ്യമങ്ങൾ

ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളും ജനാധിപത്യ ആശയങ്ങളും ജനങ്ങളിൽ എത്തിക്കാനും, അഴിമതി, സ്വജനപക്ഷപാതം, തീവ്രവാദം തുടങ്ങിയ ജനാധിപത്യവിരുദ്ധപ്രവർത്തനങ്ങൾ തുറന്നുകാട്ടുവാനും മാധ്യമങ്ങൾ അത്യാവശ്യമാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായ മാധ്യമങ്ങൾ അഭിപ്രായപ്രകടനത്തെയും അഭിപ്രായ രൂപീകരണത്തെയും സഹായിക്കുന്നു.



ഇന്നത്തെ മാധ്യമങ്ങൾ ജനാധിപത്യത്തിൽ അവരുടെ ചുമതലകൾ സ്വതന്ത്രവും നിഷ്പക്ഷവുമായി നിറവേറ്റുന്നുണ്ടോ? ക്ലാസിലൊരു സംവാദം നടത്തൂ.

### സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹിക സുരക്ഷിതത്വ പദ്ധതികളും

സ്വതന്ത്രവും നിർഭയവുമായി വോട്ടവകാശമുൾപ്പെടെയുള്ള രാഷ്ട്രീയ അവകാശങ്ങൾ വിനിയോഗിക്കണമെങ്കിൽ സാമ്പത്തികസ്വാതന്ത്ര്യം അനിവാര്യമാണ്. ദാരിദ്ര്യത്തിൽ നിന്നും അരക്ഷിതാവസ്ഥയിൽ നിന്നുമുള്ള മോചനവും ഉത്പാദന പ്രക്രിയയിൽ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യവും ഉല്പന്നങ്ങളുടെ ന്യായമായ വിതരണവുമാണ് സാമ്പത്തിക സ്വാതന്ത്ര്യം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. എല്ലാവർക്കും സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തണമെങ്കിൽ ധനം ഏതാനും പേരുടെ കൈകളിൽ കേന്ദ്രീകരിക്കുന്ന പ്രവണത തടയുകയും സാമ്പത്തികാസമത്വവും ദാരിദ്ര്യവും ഇല്ലാതാക്കുകയും വേണം. നൂറ്റാണ്ടുകളായി നിലനിന്നിരുന്ന സാമ്പത്തികാസമത്വത്തിന്റെ ഫലമായി ഒരു വിഭാഗം ജനത ഇന്നും ദാരിദ്ര്യത്തിലാണ്. ഇവരുടെ ഉന്നമനത്തിനായി വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ജനാധിപത്യഗവണ്മെന്റുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, സമ്പൂർണ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുതലായവ ഉദാഹരണമാണ്.



ജനാധിപത്യത്തിനുള്ള മുന്നൊരുക്കമാണ് സാമ്പത്തികസമത്വം. ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ സുരക്ഷാപദ്ധതികൾക്ക് ഇതിന് കഴിയുന്നുണ്ടോ? ചർച്ച ചെയ്യുക.

### പാർട്ടികളും നേതാക്കന്മാരും

ജനാധിപത്യത്തിൽ രാഷ്ട്രീയ പാർട്ടികൾ അനിവാര്യമാണ്. പൊതുജനാഭിപ്രായം രൂപീകരിക്കുകയും നയരൂപീകരണത്തിനുള്ള സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നത് രാഷ്ട്രീയ പാർട്ടികളാണ്. തിരഞ്ഞെടുപ്പുകൾ അർത്ഥവത്താക്കുന്നതും ഇവർ തന്നെ. ദേശീയ കാഴ്ചപ്പാടും ജനാധിപത്യ മൂല്യബോധവും ഉൾക്കൊള്ളുന്ന നേതാക്കൾ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വം വഹിക്കേണ്ടതും ജനാധിപത്യവ്യവസ്ഥയിൽ ഒഴിച്ചുകൂടാനാവാത്തതാണ്.



ജനാധിപത്യം സംരക്ഷിക്കുവാനും നിലനിർത്തുവാനും രാഷ്ട്രീയ പാർട്ടികൾ അനിവാര്യമാണോ? ചർച്ച ചെയ്യു.

**ചർച്ചാസൂചകങ്ങൾ**

- ജനങ്ങളെ സംഘടിപ്പിക്കുന്നു.
- ജനപങ്കാളിത്തം ഉറപ്പാക്കുന്നു.
- ജനാധിപത്യം സ്വയം അനുഷ്ഠിക്കുന്നു.
- രാഷ്ട്രീയ വിദ്യാഭ്യാസം നല്കുന്നു.
- അഭിപ്രായ രൂപീകരണം നടത്തുന്നു.
- 

### അധികാര വികേന്ദ്രീകരണം

ജനാധിപത്യഭരണക്രമം കൂടുതൽ സാർത്ഥകമാകുന്നതിന് അധികാരവികേന്ദ്രീകരണം എന്ന പ്രക്രിയ സഹായകരമാണ്. ഭരണതലത്തിൽ നയരൂപീകരണത്തിലും നടത്തിപ്പിലും ജനഹിതവും നിയന്ത്രണവും സാധ്യമാക്കാനുള്ള മാർഗ്ഗമാണ് അധികാരവികേന്ദ്രീകരണം. അതിനായി താഴെ തലത്തിലേക്ക് അധികാരവും ഭരണവും കൈമാറുന്നു. ഇതിലൂടെ ഭരണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുന്നു.

### സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പുകൾ

ജനങ്ങൾക്ക് നിർഭയമായും സ്വതന്ത്രമായും വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ഭരണഘടനാസ്ഥാപനമായ തിരഞ്ഞെടുപ്പു കമ്മീഷനുരൂപം നൽകിയിരിക്കുന്നു.



നമ്മുടെ രാജ്യത്ത് തിരഞ്ഞെടുപ്പ് എത്രമാത്രം സ്വതന്ത്രവും നിക്ഷ്പക്ഷവുമായി നടക്കുന്നുണ്ടെന്ന് തിരഞ്ഞെടുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു ചർച്ച ചെയ്യുക. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും സ്വതന്ത്രവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പിനെ ഹനിക്കുന്നവ കണ്ടെത്തുക.

1. സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വോട്ടവകാശം. ☐
2. വോട്ട് ചെയ്യാൻ വോട്ടർ പട്ടികയിൽ പേരുണ്ടായിരിക്കണം. ☐
3. പക്ഷപാതപരമായി പ്രവർത്തിക്കുന്ന തിരഞ്ഞെടുപ്പ് കമ്മീഷൻ. ☐
4. സമ്മതിദായകനെ തിരിച്ചറിയാൻ തിരിച്ചറിയൽ കാർഡ് വേണം. ☐
5. പട്ടിണി ☐
6. തിരഞ്ഞെടുപ്പിൽ കള്ളപ്പണത്തിന്റെ സ്വാധീനം. ☐
7. കാലാകാലങ്ങളിൽ വരുന്ന ഗവണ്മെന്റിന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നത്. ☐
8. തിരഞ്ഞെടുപ്പിലെ ക്രമക്കേടുകൾ. ☐



ജനാധിപത്യം കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടതെന്ന് നിങ്ങൾക്ക് തോന്നുന്ന മറ്റു മുൻഉപാധികൾ എന്തെങ്കിലും ഉണ്ടോ? ചർച്ച ചെയ്യു.

## ജനാധിപത്യത്തിന്റെ വ്യത്യസ്ത തലങ്ങൾ (Different Dimensions of Democracy)

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ തലങ്ങളിൽ ജനാധിപത്യത്തിന്റെ അന്തസത്ത കൈവരിക്കുമ്പോഴാണ് ജനാധിപത്യം പൂർണ്ണമാകുക.

### രാഷ്ട്രീയതലം

ഭരണതലത്തിൽ ജനാധിപത്യ തത്വങ്ങൾ നിലനില്ക്കുന്ന രീതിയാണിത്. ജനാധിപത്യ തത്വങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവയിലധിഷ്ഠിതമാണിത്. കൂടാതെ ജനപങ്കാളിത്തം ഉറപ്പാക്കുന്നതും, ജനഹിതം മാനിച്ച് ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ഇതിന്റെ സവിശേഷതയാണ്. നിയമവാഴ്ച്ചയ്ക്ക് വിധേയമാണ് രാഷ്ട്രീയ ജനാധിപത്യം.

### സാമൂഹ്യതലം

മതം, ജാതി, ലിംഗം, പ്രദേശം, വർഗ്ഗം, വർണം എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനമില്ലാത്ത അവസ്ഥാവിശേഷമാണിത്. വിവേചനരാഹിത്യവും തുല്യപരിഗണനയും സാമൂഹ്യജനാധിപത്യം വിഭാവനം ചെയ്യുന്നു. സാമൂഹ്യതുല്യത, അവസരസമത്വം, തുല്യസംരക്ഷണം എന്നിവ ഇതിന്റെ പ്രത്യേകതകളാണ്.

### സാമ്പത്തികതലം

രാഷ്ട്രീയ സാമൂഹ്യതലങ്ങളിൽ ജനാധിപത്യം അർത്ഥവത്താകണമെങ്കിൽ സാമ്പത്തികതലത്തിലും ജനാധിപത്യതത്വങ്ങൾ നിലനിൽക്കേണ്ടതുണ്ട്. സമൂഹത്തിൽ സമ്പത്തിന്റെ വിനിയോഗം, നിയന്ത്രണം, ഉൽപ്പാദനം എന്നിവ സാമൂഹ്യനിയന്ത്രണത്തിന് വിധേയമാകണം. മാത്രമല്ല സമ്പത്ത് ഏതാനും പേരുടെ കൈകളിൽ കുമിഞ്ഞുകൂടുന്നത് ഒഴിവാക്കുന്നതും വിതരണത്തിലും ഉപയോഗത്തിലും തുല്യത കൈവരിക്കുന്നതുമാണ് ജനാധിപത്യത്തിന്റെ സാമ്പത്തികതലം. ഇത്തരം അവസ്ഥയിൽ എല്ലാവർക്കും ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ കഴിയും.



ജനാധിപത്യത്തിന്റെ ഈ വിവിധതലങ്ങൾ ഭരണഘടനയിലെ മൗലികാവകാശങ്ങൾ, നിർദ്ദേശകതത്ത്വങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുമോ? ചർച്ച ചെയ്യു.

## പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങൾ (Direct Democratic Devices)

പ്രത്യക്ഷ ജനാധിപത്യത്തിൽ നിന്നും ആധുനിക ജനാധിപത്യത്തിലേയ്ക്ക് (പരോക്ഷ ജനാധിപത്യം) എത്തിയപ്പോഴേയ്ക്കും ജനാധിപത്യം സാർവ്വത്രികമായി. എന്നാൽ ജനപങ്കാളിത്തം കേവലം സമ്മതിദാനഅവകാശത്തിൽ മാത്രമാകുന്ന പ്രവണതയുമുണ്ടായി. അഴിമതിയും സ്വജനപക്ഷപാതവും ജനാധിപത്യത്തിൽ അപചയമുണ്ടാക്കി. ഇവിടെയാണ് പ്രത്യക്ഷജനാധിപത്യ മാർഗ്ഗങ്ങൾ പ്രസക്തമാകുന്നത്.

ഈ മാർഗ്ഗങ്ങൾക്ക് ഏറ്റവും പേരുകേട്ട രാജ്യം സ്വിറ്റ്സർലാന്റാണ്. അമേരിക്കയിൽ ഈ മാർഗ്ഗങ്ങൾ സാർവ്വത്രികമല്ലെങ്കിലും ചില സംസ്ഥാനങ്ങളിൽ ഈ മാർഗ്ഗങ്ങളിൽ ചിലത് പ്രയോഗത്തിലുണ്ട്.

കെനിയയിൽ അവരുടെ പുതിയ ഭരണഘടനയ്ക്ക് ജനങ്ങളുടെ അംഗീകാരം തേടിക്കൊണ്ട് നടത്തിയ ഒരു ഹിതപരിശോധനയുടെ (Referendum) പത്രവാർത്ത ശ്രദ്ധിക്കു. ഇത് പ്രത്യക്ഷജനാധിപത്യ മാർഗ്ഗങ്ങൾക്കൊരുദാഹരണമാണ്.



*Overwhelming approval for Kenya's new Constitution*

The Constitution curtails the powers of an imperial-style presidency and paves the way for much-needed land reform.

Jeffrey Gettleman

Kenya's new Constitution, written to alleviate longstanding problems that have undermined good governance here for decades, received overwhelming approval from voters in a referendum on Wednesday, according to provisional results released by election officials on Thursday morning.

Sixty-seven percent of voters approved the Constitution, compared with 33 per cent who voted no, and the turnout was as high as 80 per cent in some areas, the results showed.

"YES IT IS" was the giant headline in *The Standard* one of Kenya's leading newspapers.

The new Constitution is expected to be a crucial turning point in this country's post-colonial history by finally addressing many of the political

**പ്രത്യക്ഷ ജനാധിപത്യ മാർഗ്ഗങ്ങൾ**

### ഹിതപരിശോധന (Referendum)

നിയമനിർമ്മാണസഭ പാസ്സാക്കിയ ഒരു നിയമത്തിന്മേൽ ജനാഭിപ്രായം വോട്ടെടുപ്പിലൂടെ പ്രകടമാക്കുന്നതാണ് ഹിതപരിശോധന. ഇതിലൂടെ പ്രസ്തുത നിയമത്തെ അംഗീകരിക്കാനും നിരാകരിക്കാനുമുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കുന്നു. ഹിതപരിശോധനയിലൂടെ നിയമനിർമ്മാണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തവും താല്പര്യവും ഉണ്ടാകുന്നു. നിയമങ്ങളെക്കുറിച്ച് അവർ ബോധവാന്മാരുമാകുന്നു. സ്വിറ്റ്സർലാൻന്റിൽ ഭരണഘടനാഭേദഗതികൾക്കും സാധാരണ നിയമനിർമ്മാണങ്ങൾക്കും ഈ രീതി വ്യാപകമായി ഉപയോഗിക്കുന്നു. യു.എസ്.എ. യിലെ ചില സ്റ്റേറ്റുകളിലും ഇത് പ്രയോഗത്തിലുണ്ട്.

### തിരിച്ചുവിളിക്കൽ (Recall)

തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അവരുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് കണ്ടാൽ കാലാവധി തീരുന്നതിനു മുമ്പേ വോട്ടെടുപ്പിലൂടെ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യുന്ന രീതിയാണിത്.

### ജനഹിതപരിശോധന (Plebiscite)

ജനഹിതപരിശോധന നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്നതല്ല. വളരെ പ്രധാനപ്പെട്ട പൊതുപ്രശ്നങ്ങളിൽ ജനങ്ങളുടെ തീരുമാനം അറിയുന്നതിനുള്ള സംവിധാനത്തെയാണ് ജനഹിതപരിശോധന എന്ന് പറയുന്നത്. ന്യൂനപക്ഷത്തിന്റെ അഭിപ്രായം ഭൂരിപക്ഷത്തിനെ അടിച്ചേൽപ്പിക്കുന്നത് തടയാൻ ഒരു പരിധിവരെ ഇതു സഹായകമാകും.

### അഭിക്രമം (Initiative)

നിയമനിർമ്മാണസഭ നിയമനിർമ്മാണത്തിൽ വീഴ്ചവരുത്തിയാൽ അതിന് ജനങ്ങൾ മുൻകൈ എടുക്കുന്നതാണ് അഭിക്രമമെന്ന് അറിയപ്പെടുന്നത്. ഒരു നിശ്ചിത എണ്ണം സമ്മതിദായകർ ആവശ്യപ്പെടുന്നപക്ഷമാണ് ഇത് ചെയ്യേണ്ടത്. ജനങ്ങൾക്ക് ആവശ്യമായി തോന്നുന്ന നിയമത്തിന്റെ പൂർണ്ണരൂപമോ സംക്ഷിപ്തരൂപമോ നിയമനിർമ്മാണസഭയിൽ സമർപ്പിക്കാം. ഇത് പാസ്സാക്കാൻ നിയമനിർമ്മാണ സഭയ്ക്ക് ബാധ്യതയുണ്ട്. ഇങ്ങനെ ജനങ്ങൾ താൽപ്പര്യമെടുത്ത് കൊണ്ടുവരുന്ന ഒരു നിയമം നിയമസഭ പാസ്സാക്കിയില്ലെങ്കിൽ അന്തിമതീരുമാനത്തിനായി സമ്മതിദായകർക്ക് സമർപ്പിക്കുന്നു. സ്വിറ്റ്സർലാന്റിലും അമേരിക്കയിലെ (USA) ചില സംസ്ഥാനങ്ങളിലും ഈ മാർഗ്ഗം പ്രയോഗത്തിലിരിക്കുന്നു.



ജനാധിപത്യത്തിന്റെ അപചയത്തെ പ്രതിരോധിക്കാൻ പ്രത്യക്ഷജനാധിപത്യമാർഗ്ഗങ്ങൾ ഫലപ്രദമാണോ? ഇന്ത്യയിലെ ജനാധിപത്യ അനുഭവത്തിന്റെ വിവരങ്ങൾ ശേഖരിച്ച് ചർച്ച ചെയ്യു. ഇവയിൽ ഏതൊക്കെ നമ്മുടെ രാജ്യത്തിന് അനുയോജ്യമാണ്?

### ജനാധിപത്യം ഒരു ജീവിതരീതി എന്ന നിലയിൽ

ജനാധിപത്യമെന്നാൽ വോട്ടാണെന്നും ഭരണക്രമമാണെന്നും അതിന്റെ പരാജയത്തിന് ഉത്തരവാദി മറ്റുള്ളവരാണെന്നുമുള്ള ഒരു ധാരണ ചിലർക്ക് ഉണ്ട്. ജനങ്ങളുടെ ശാക്തീകരണവും വിമോചനവുമാണ് യഥാർത്ഥ ജനാധിപത്യം എന്ന തിരിച്ചറിവിലാണ് ഇന്ന് നാം എത്തി നിൽക്കുന്നത്.

താഴെ തന്നിരിക്കുന്ന പ്രസ്താവനകൾക്ക് നേരെ ‘ഉണ്ട്’ അല്ലെങ്കിൽ ‘ഇല്ല’ എന്ന് രേഖപ്പെടുത്തുക.

| പ്രസ്താവന | ഉത്തരം | |
|---|---|---|
| | ഉണ്ട് | ഇല്ല |
| 1.എന്റെ വിശ്വാസങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ കാര്യങ്ങൾ കേൾക്കുമ്പോൾ എനിക്ക് ദേഷ്യം വരാറുണ്ട്. | | |
| 2.ഞാൻ ആഗ്രഹിക്കുന്ന സംഗതികൾ നേടാൻ ഞാൻ ഏത് വഴിയും സ്വീകരിക്കും. | | |
| 3.എന്റെ എതിർരാഷ്ട്രീയവിശ്വാസമുള്ളവരെ ഞാൻ ബഹുമാനിക്കാറില്ല. | | |
| 4.എന്നെ വിമർശിക്കുവാൻ ആർക്കും അവകാശമില്ല. | | |
| 5.മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് ഞാൻ ഒരു വിലയും കൊടുക്കാറില്ല. | | |
| 6. എന്നെ തല്ലിയാൽ ഞാനും തല്ലും. | | |
| 7.എന്റെ പാർട്ടിക്കാരുടെ വീട്ടിൽ മറ്റ് രാഷ്ട്രീയ പാർട്ടിക്കാർ വോട്ട് ചോദിക്കാൻ വരുന്നത് എനിക്കിഷ്ടമല്ല. | | |

എല്ലാ പ്രസ്താവനകൾക്കും ഇല്ല എന്നാണ് ഉത്തരമെങ്കിൽ നിങ്ങൾ ജനാധിപത്യം ഒരു ജീവിതരീതിയായി ശീലിച്ചിരിക്കുന്നു എന്നു പറയാം.

ജനാധിപത്യത്തെ എങ്ങനെയാണ് ഒരു ജീവിതരീതിയായി മാറ്റുക?

- മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആചാരങ്ങളോടും സഹിഷ്ണുത പുലർത്തുക
- ആഗ്രഹനിവർത്തിക്കായി ജനാധിപത്യ മാർഗ്ഗങ്ങൾ (ശരിയായ മാർഗ്ഗങ്ങൾ) മാത്രം സ്വീകരിക്കുക
- രാഷ്ട്രീയ പ്രവർത്തനത്തിലും ജീവിതത്തിലും മറ്റുള്ളവരോട് ബഹുമാനം പുലർത്തുക
- താൻ ഉൾപ്പെടെ എല്ലാവരും വിമർശനവിധേയരാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കുക
- മറ്റുള്ളവരുടെ അഭിപ്രായത്തെ ബഹുമാനിക്കുക
- നിയമവാഴ്ച്ച അംഗീകരിക്കുക. ഒരു സാഹചര്യത്തിലും നിയമം കൈയിലെടുക്കാതിരിക്കുക
- എല്ലാവരുടേയും അഭിപ്രായത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തെയും അംഗീകരിച്ച് പ്രവർത്തിക്കുക
- എല്ലാ വ്യക്തികളേയും തുല്യരായി കാണുക.

ചുരുക്കത്തിൽ മറ്റുള്ളവരോട് സംസാരിക്കുമ്പോഴും സ്വന്തം കർമ്മങ്ങൾ നിർവ്വഹിക്കുമ്പോഴും ആഹാരം കഴിക്കുമ്പോഴും വഴിയിലൂടെ സഞ്ചരിക്കുമ്പോഴും പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുമ്പോഴും മറ്റാരുടേയും സ്വാതന്ത്ര്യമോ ജനാധിപത്യ അവകാശങ്ങളോ ഹനിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക. പൗരരുടെ ഈ ഒരു ശീലത്തിലൂടെ മാത്രമേ സുസ്ഥിരമായ ജനാധിപത്യം പുലരുകയുള്ളൂ. നമ്മുടെ വാക്കിലും ചിന്തയിലും പ്രവൃത്തിയിലും ജനാധിപത്യം സ്ഫുരിക്കണം.



ജനാധിപത്യം ഒരു ജീവിതരീതിയാകുവാൻ നിങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തൂ.

## ജനാധിപത്യം ഇന്ത്യയിൽ

ഇന്ത്യയിൽ 1950 ജനുവരി 26-ന് നിലവിൽവന്ന ഭരണഘടന ഇന്ത്യയെ ഒരു ജനാധിപത്യ റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നു. ഒരു ജനാധിപത്യ ഭരണക്രമം നിലനിർത്തുവാനുള്ള വ്യവസ്ഥ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നമ്മുടെ ഭരണഘടന താഴെ പറയുന്ന ജനാധിപത്യാശയങ്ങൾ ഉൾക്കൊള്ളുന്നു:

- ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു രാഷ്ട്രത്തലവനും ജനങ്ങളെ പരമാധികാരത്തിന്റെ സ്രോതസ്സായി കണക്കാക്കുന്ന ഭരണക്രമവും



- പൂർണ്ണമായും സംരക്ഷിക്കപ്പെട്ട മൗലികാവകാശങ്ങൾ
- സാമൂഹ്യ സാമ്പത്തിക സമത്വം ഉറപ്പുനല്കുന്ന നിർദ്ദേശകതത്ത്വങ്ങൾ
- സാമൂഹികവും വിദ്യാഭ്യാസപരവുമായി പാർശ്വവൽക്കരിക്കപ്പെട്ടവർക്കുള്ള പ്രത്യേക സംരക്ഷണങ്ങൾ
- സുതാര്യവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പുകൾ
- നിയമവാഴ്ച്ചയിൽ അധിഷ്ഠിതമായ ഭരണപ്രക്രിയ. ഇവ ഇന്ത്യൻ ജനാധിപത്യത്തിന്റെ ജീവവായുവായി കരുതപ്പെടുന്നു.

## ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ (Challenges of Indian Democracy)

ജനാധിപത്യാശയങ്ങൾ നമ്മുടെ രാജ്യത്ത് പ്രാവർത്തികമാക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് വിഘാതമായി നമ്മുടെ ജനാധിപത്യവ്യവസ്ഥ പല വെല്ലുവിളികളും നേരിടുന്നുണ്ട്.

നിരക്ഷരതയും ദാരിദ്ര്യവും കൊടികുത്തിവാഴുന്ന ഒരു രാജ്യത്ത് ജനാധിപത്യം ഒരിക്കലും വിജയിക്കില്ലെന്നും ലോകചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ചൂതുകളിയായിരിക്കും ഇന്ത്യയിലെ തിരഞ്ഞെടുപ്പെന്നും പല പാശ്ചാത്യ നിരീക്ഷകരും കരുതി. ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഇന്ത്യ. നമ്മുടെ ജനാധിപത്യ പ്രക്രിയയിൽ പലവിധ ഉയർച്ച താഴ്ച്ചകളും ഉണ്ടായിട്ടുണ്ട്. ഇന്ത്യയുടെ പല അയൽരാജ്യങ്ങളിലും ജനാധിപത്യം വേരുറയ്ക്കാതെ നിന്നപ്പോൾ സ്വാതന്ത്ര്യാനന്തരം ഇന്നേവരെ ജനാധിപത്യം ഒരു ഭരണവ്യവസ്ഥയായി നിലനിർത്താൻ നമുക്ക് കഴിഞ്ഞു.

എങ്കിലും ഈ രംഗത്ത് നാം നിരവധി വെല്ലുവിളികൾ നേരിടുന്നു. അവ എന്തൊക്കെയെന്ന് പരിശോധിക്കാം.

### സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം

ജനാധിപത്യത്തിന്റെ വിജയത്തിന് സാമൂഹ്യ സാമ്പത്തികസമത്വം ആവശ്യമാണ്. സാമൂഹ്യ അസമത്വത്തിന് കാരണം മതം, ജാതി, വർഗ്ഗം, ലിംഗം, വംശം എന്നിവയുടെ പേരിലുള്ള വിവേചനങ്ങളാണ്. ജാതിയസമൂഹമാണ് ഇന്നും ഇന്ത്യയിലുള്ളത്. സാമൂഹ്യ നീതി നിലനിർത്താൻ പല നടപടികൾ ഭരണകൂടം സ്വീകരിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടും സമത്വം നേടിയിട്ടില്ല. ഇന്നും ജാതിയുടേയും മതത്തിന്റേയും പേരിൽ ഭിന്നതകൾ നിലനിൽക്കുന്നു. പെൺഭ്രൂണഹത്യയ്ക്കും സ്ത്രീധനത്തെ ചൊല്ലിയുള്ള കലഹങ്ങൾക്കും ഇന്നും പരിഹാരമായിട്ടില്ല.

സാമ്പത്തിക രംഗത്തെ അസമത്വം പൂർണ്ണമായും മാറ്റുവാൻ സാധിച്ചിട്ടില്ല. രാഷ്ട്രസമ്പത്തിന്റെ ഭൂരിഭാഗവും ഏതാനും പേരുടെ കൈകളിലാണ്. ജനസംഖ്യയുടെ ഭൂരിഭാഗവും ഗ്രാമങ്ങളിൽ വസിക്കുന്നവരും ദരിദ്രരുമാണ്. പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറഞ്ഞിട്ടില്ല; കൂടിയിട്ടേയുള്ളൂ. ദാരിദ്ര്യം നിലനിൽക്കുന്നിടത്തോളം രാഷ്ട്രീയ അവകാശങ്ങൾ സ്വതന്ത്രമായി പ്രയോഗിക്കാൻ സാധിക്കുകയില്ല.

### നിരക്ഷരത (Illiteracy)

അടിസ്ഥാനവിദ്യാഭ്യാസം ജനാധിപത്യത്തിന്റെ ശക്തിയാണ്. ഇന്ത്യയിലെ ജനങ്ങളിൽ വലിയൊരു വിഭാഗം നിരക്ഷരരാണ്. ഇതുമൂലം ഭരണത്തിൽ ക്രിയാത്മകമായി പങ്കുചേരാൻ ജനങ്ങൾക്ക് സാധിക്കാതെ വരുന്നു. സാമൂഹ്യ രാഷ്ട്രീയ അസമത്വത്തിന് ഇത് കാരണമാകുന്നു. നിയമങ്ങൾ പാസ്സാക്കിയാൽ അത് നടപ്പിലാക്കാൻ ജനങ്ങളുടെ സഹായവും സഹകരണവും ആവശ്യമാണ്. അതിന് അവർക്ക് വിദ്യാഭ്യാസം നൽകണം.



നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി ഗവൺമെന്റും സന്നദ്ധ സംഘടനകളും നമ്മുടെ നാട്ടിൽ നിരവധി പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാറുണ്ട്. അവ ജനാധിപത്യത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നു? ചർച്ച ചെയ്യു.

### വർദ്ധിച്ചുവരുന്ന ജനസംഖ്യ

1950-ൽ ഇന്ത്യയുടെ ജനസംഖ്യ 36 കോടിയായിരുന്നു. ഇന്നത് നൂറ്റിയിരുപത് കോടിയായി വർദ്ധിച്ചു. ജനപ്പെരുപ്പം ഇന്ത്യൻ സമ്പദ്ഘടനയെ തകിടം മറിക്കുന്നു. ദാരിദ്ര്യത്തിനും തൊഴിലില്ലായ്മയ്ക്കും ആരോഗ്യരക്ഷാസംബന്ധിയായ പല പ്രശ്ന

ങ്ങൾക്കും ഒരു കാരണം ജനസംഖ്യാ വർദ്ധനവാണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യ, ക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യംനേടാൻ തടസ്സമാകുന്നു. ഇത് സാമ്പത്തിക അസമത്വം തുടരാൻ കാരണമാകുന്നു. ജനസംഖ്യ നിയന്ത്രിക്കാൻ കുടുംബക്ഷേമ പരിപാടികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ലക്ഷ്യമിട്ട നേട്ടം ഈ രംഗത്ത് കൈവരിക്കാൻ സാധിച്ചിട്ടില്ല.

### പ്രാദേശിക അസമത്വം (Regional Imbalance)

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സമതുലിത വികസനം ആവശ്യമാണ്. ചില സംസ്ഥാനങ്ങൾ ഇപ്പോഴും വളരെ പിന്നാക്കാവസ്ഥയിലാണ്. ഒറീസ്സ, ബീഹാർ, ഝാർഖണ്ഡ്, ഛത്തിസ്ഘട്ട് എന്നിവ ഉദാഹരണം. അതേസമയം മഹാരാഷ്ട്ര, ഗോവ, പഞ്ചാബ്, തമിഴ്നാട്, കേരളം എന്നിവ വികസനപുരോഗതി കൈവരിച്ച സംസ്ഥാനങ്ങളായാണ് കണക്കാക്കുന്നത്. ഈ പ്രാദേശിക അസമത്വം പലപ്രശ്നങ്ങൾക്കും കാരണമാകുന്നു.

### ഭാഷാവാദം

ഇന്ത്യ ഒരു ബഹുഭാഷാരാഷ്ട്രമാണ്. ഇന്ത്യയിൽ ഭാഷയുടെ പേരിലുള്ള ഭിന്നത നിലനിൽക്കുന്നു. പല പ്രാദേശികരാഷ്ട്രീയ കക്ഷികളും നിലനിൽക്കുന്നത് ഭാഷയുടെ അടിസ്ഥാനത്തിലാണ്. പലപ്പോഴും ഇത് രാഷ്ട്രീയസംഘർഷത്തിലേക്ക് നയിക്കുന്നു. ജനങ്ങൾ തമ്മിലുള്ള വിഭജനത്തിനും അഭിപ്രായവ്യത്യാസത്തിനും ഇത് ഇടയാക്കുന്നു. പല കാര്യങ്ങളിലും രാഷ്ട്രത്തിന് പൊതുവായ നടപടികൾ സ്വീകരിക്കാൻ ഇതുമൂലം സാധിക്കാതെ വരുന്നു.

### വർഗ്ഗീയത (Communalism)


ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മറ്റൊരു വെല്ലുവിളി വർഗ്ഗീയതയാണ്. പല സംസ്ഥാനങ്ങളിലും പലപ്പോഴും വർഗ്ഗീയസംഘർഷങ്ങൾ നടന്നിട്ടുണ്ട്. മതപരമായ ഭിന്നിപ്പ് ജനങ്ങൾ തമ്മിലുള്ള സൗഹാർദം നശിപ്പിക്കുന്നു. കൂട്ടായ പ്രവർത്തനത്തിന് ഇത് തടസ്സമാകുന്നു. മതസംഘടനകൾ രാഷ്ട്രീയപാർട്ടികളായി രൂപാന്തരപ്പെട്ടിട്ടുണ്ട്. വർഗ്ഗീയ ലഹളകൾ രാജ്യത്തിന്റെ അഖണ്ഡതയ്ക്കും നിലനിൽപ്പിനും ഭീഷണിയാവുന്നു.

### ജാതീയത

ജാതിയുടെ അടിസ്ഥാനത്തിലുള്ള ചേരിതിരിവും ഇന്ത്യയിൽ കാണാവുന്നതാണ്. രാജ്യത്തെ പലഭാഗങ്ങളിലും ജാതിയുടെ അടിസ്ഥാനത്തിൽ തരംതിരിവും അസ്വസ്ഥതകളും നിലനിൽക്കുന്നു. രാഷ്ട്രീയ പാർട്ടികൾ ജാതിയെ താല്ക്കാലിക നേട്ടങ്ങൾക്കായി ഉപയോഗിക്കുന്നു. ജാതി ഗ്രൂപ്പുകൾ രാഷ്ട്രീയ പാർട്ടികളെയും സ്വാധീനിക്കാറുണ്ട്. നമ്മൾ ഇതുവരെ നേടിയെടുത്ത സാമൂഹ്യ നന്മകളും മൂല്യങ്ങളും നഷ്ടപ്പെടുവാൻ ഇത് ഇടയാക്കും. ദേശീയതാല്പര്യങ്ങൾ മാറ്റിനിർത്തി ജനങ്ങൾ തമ്മിലുള്ള കലഹത്തിന് ജാതീയത കാരണമാവുന്നു.

### തീവ്രവാദം

അടുത്തകാലത്തായി തീവ്രവാദം ജനാധിപത്യത്തിന് കടുത്ത വെല്ലുവിളി ഉയർത്തുന്നു. തീവ്രവാദം പല തരത്തിലുണ്ട്. രാഷ്ട്രീയവും മതപരവും അന്താരാഷ്ട്രീയവുമായ കാരണങ്ങൾ ഇതിനുണ്ട്. തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിഷ്കളങ്കരായ ജനങ്ങളുടെ ജീവൻ അപകടപ്പെടുത്തുന്നു.




ദാരിദ്ര്യവും തൊഴിലില്ലായ്മയും മതാന്ധതയും യുവാക്കളെ ഇതിലേക്ക് നയിക്കുന്നതിന് കാരണമാണ്. ഈ സംഘടനകൾ തുറന്ന ചർച്ചയ്ക്കോ ഒത്തുതീർപ്പിനോ വരാത്തതുകൊണ്ട് സമൂഹത്തിലെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നു. ഭീകരാവസ്ഥ സൃഷ്ടിക്കുന്നതിലുപരി ജനങ്ങളുടെ സ്വൈര ജീവിതം തകർക്കപ്പെടുന്നു. ഭരണകൂടത്തിന്റെ പ്രവർത്തനത്തിനും നിലനിൽപ്പിനും ഇത് പ്രശ്നങ്ങൾ ഉണ്ടാക്കുകയും ജനാധിപത്യ സംവിധാനത്തെ തന്നെ ചോദ്യം ചെയ്യുന്ന അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്നു.


### വിഘടനവാദം

വിഘടനവാദം പ്രചരിപ്പിക്കുന്ന സംഘടനകൾ രാജ്യത്തിന്റെ പലഭാഗത്തും പ്രവർത്തിക്കുന്നു. സമീപകാലത്ത് ഇവയുടെ പ്രവർത്തനങ്ങൾ ഏറിവരുന്നതായി കാണാം. ഇത് രാജ്യത്തിന്റെ അഖണ്ഡതയ്ക്കും ഭദ്രതയ്ക്കും ജനാധിപത്യ സംവിധാനത്തിനും ഹാനികരമാണ്. ഇന്ത്യയിൽ മണിപ്പൂർ, ജമ്മു-കാശ്മീർ, നാഗാലാന്റ്, മിസ്സോറാം, ത്രിപുര എന്നീ സ്ഥലങ്ങളിൽ വിഘടനവാദ ആശയങ്ങൾ വളരുന്നതായി കാണാം.



ഇന്ത്യൻ ജനാധിപത്യം വെല്ലുവിളി നേരിടുന്നത് ജനാധിപത്യം വേണ്ടവിധത്തിൽ ശക്തിപ്പെടാത്തതുമൂലമല്ലേ? മുകളിൽ പറഞ്ഞ ഓരോ വെല്ലുവിളിയും ഈ അടിസ്ഥാനത്തിൽ ചർച്ച ചെയ്യൂ.

## പ്രവർത്തനങ്ങൾ



1. 'A' യുടേയും 'B' യുടേയും അഭിപ്രായങ്ങൾ താഴെ കൊടുക്കുന്നു. ഈ രണ്ടഭിപ്രായങ്ങളേയും മുൻനിർത്തി നിങ്ങളുടെ വാദഗതികൾ സമർത്ഥിക്കുക.
   - A. ആശയപരമായും ഘടനാപരമായും ഇന്ത്യയിൽ ജനാധിപത്യം പൂർണ്ണമാണ്.
   - B. ജനാധിപത്യാശയങ്ങൾ മിക്കതും പൂർണ്ണമായും പ്രായോഗികമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

2. താഴെ പറയുന്നവ ഒരേസമയം ഇന്ത്യൻ ജനാധിപത്യത്തിന്റെ ശക്തിയും വെല്ലുവിളിയുമാണ്-സമർത്ഥിക്കുക.

| ശക്തി | വെല്ലുവിളികൾ |
|---|---|
| - നിയമവാഴ്ച്ച | → ക്രിമിനൽ സംഘങ്ങളും ഭീകരസംഘങ്ങളും |
| - തിരഞ്ഞെടുപ്പ് | → പണത്തിന്റേയും മാധ്യമങ്ങളുടേയും ദുസ്വാധീനം |
| - വോട്ടവകാശം | → നിരക്ഷരത, സാമ്പത്തിക പരാധീനത |
| - മൗലികാവകാശം | → അവകാശനിഷേധം, സാമ്പത്തികാസമത്വങ്ങൾ |
| - സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ | → ചെലവേറിയതും, നീതി വൈകുന്നതുമായ നീതിന്യായവ്യവസ്ഥ |
| - മനുഷ്യാവകാശങ്ങൾ | → മനുഷ്യാവകാശ ലംഘനങ്ങൾ |

3. രാഷ്ട്രീയ പ്രവർത്തകരല്ലാത്തവരും എന്നാൽ അവരവരുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചവരുമായ വിദഗ്ദ്ധരെ തിരഞ്ഞെടുപ്പിൽ മൽസരിക്കാതെ തന്നെ പാർലമെന്റിൽ അംഗമാക്കുവാൻ നമ്മുടെ രാജ്യത്ത് സംവിധാനമുണ്ട്. എന്താണ് ഈ സംവിധാനം? പാർലമെന്റിന്റെ ഏത് സഭയിലേക്കാണ് ഇങ്ങനെ അംഗങ്ങളെ നിർദ്ദേശിക്കുന്നത്. ആരാണ് ഇവരെ നിയമിക്കുന്നത്? എത്രപേരെ ഇങ്ങനെ നിയമിക്കാം? ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട അംഗങ്ങളുടെ പട്ടിക തയ്യാറാക്കൂ.

4. ജനാധിപത്യം ലളിതമാണ്. പക്ഷെ നിസ്സാരമല്ല. വളരെയധികം ആളും അർത്ഥവും വേണ്ടുന്ന ഒരു പ്രക്രിയയാണിത്. താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുക.
   - തിരഞ്ഞെടുപ്പ് ചെലവ്-സ്ഥാനാർത്ഥികൾ, ഗവൺമെന്റ്
   - ഗ്രാമപഞ്ചായത്തുകൾ മുതൽ എം.പി.മാർ വരെയുള്ള ജനപ്രതിനിധികളുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും

5. അധികാരവികേന്ദ്രീകരണം ജനാധിപത്യത്തിൽ ജനപങ്കാളിത്തം കൂടുതൽ ഉറപ്പാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ അനുഭവങ്ങൾ ശേഖരിച്ച് ഈ അഭിപ്രായം പരിശോധിക്കുക.

6. സാമൂഹിക സാമ്പത്തിക അസമത്വം കുറയ്ക്കുന്നതിനുവേണ്ടി നമ്മുടെ ഗവൺമെന്റ് വിവിധ നയങ്ങളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. അത്തരത്തിലുള്ള വിവിധ പദ്ധതികൾ കണ്ടെത്തു.